©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br><br>Thiruvananthapuram,<br>Wednesday | 2021 ഫെബ്രുവരി 10<br>10th February 2021<br>1196 മകരം 28<br>28th Makaram 1196<br>1942 മാഘം 21<br>21st Magha 1942 | നമ്പർ<br>No. | 668 |

### കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 6827/ലെഗ്.സി1/2020/നിയമം.

*തിരുവനന്തപുരം, 2021 ഫെബ്രുവരി 10*
*1196 മകരം 28*
*1942 മാഘം 21 .*

2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 13-ാം നമ്പർ ഓർഡിനൻസ്

2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.— 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 31) 2020 മേയ് 2-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 63) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 70) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ ചില ഭേദഗതികളോടെ നിലനിർത്തുന്നതിനായി 2020-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2020-ലെ 77) 2020 നവംബർ 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2020 ഡിസംബർ 31-ാം തീയതിയിൽ ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസിനും (2020-ലെ 63) 2020-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസിനും (2020-ലെ 77) 2021 ഫെബ്രുവരി 11-ാം തീയതി പ്രാബല്യം ഇല്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഈ ഓർഡിനൻസിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ, 3-ാം വകുപ്പ് 2020 മേയ് 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പും 5-ാം വകുപ്പും 2020 സെപ്റ്റംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. <u>1994-ലെ 20-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്</u>.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3, 4, 5 എന്നീ വകുപ്പുകളിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. <u>6-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "അൻപത്തിമൂന്ന്" എന്ന വാക്കിന് പകരം "അൻപത്തിരണ്ട്" എന്ന വാക്കും "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "നൂറ്റിയൊന്ന്" എന്ന വാക്കിന് പകരം "നൂറ്" എന്ന വാക്കും "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്.

4. <u>126-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 126-ാം വകുപ്പിൽ,—

(1) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ, "രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനും അതിന് കീഴിലുള്ള ക്ലിപ്ത നിബന്ധനയ്ക്കും ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ച പ്രകാരമുള്ള സമയത്തിൽ, അവസാനത്തെ ഒരു മണിക്കൂർ 130എ വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന വിഭാഗങ്ങളിലുള്ള ആളുകൾക്ക് വോട്ട് ചെയ്യുന്നതിനായി വിനിയോഗിക്കേണ്ടതാണ്.".

5. 130-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 130എ വകുപ്പ് 130ബി വകുപ്പായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട 130ബി വകുപ്പിന് മുൻപായി താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"130 എ. ചില വിഭാഗങ്ങളിലുള്ള ആളുകൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—(1) 130-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിലുള്ള സമ്മതിദായകർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തപാൽ വഴി വോട്ടു ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സാംക്രമിക രോഗം ബാധിച്ച ഏതൊരാളും;

(ബി) ക്വാറന്റീനിൽ ആയിരിക്കുന്ന ഏതൊരാളും;

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(i) "സാംക്രമിക രോഗം" എന്നാൽ 2020-ലെ കേരള എപ്പിഡമിക് ഡിസീസസ് ഓർഡിനൻസിന്റെ (2020-ലെ 57) 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും പ്രസ്തുത ഓർഡിനൻസിന്റെ 3-ാം വകുപ്പ് പ്രകാരം സർക്കാർ, അതതു സമയം, വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ സാംക്രമികരോഗം എന്നർത്ഥമാകുന്നു ;

(ii) "ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ" എന്നാൽ സാംക്രമിക രോഗത്തിന്റെ വ്യാപനം തടയുന്നതിനായി, ഭാരതസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, അതതുസമയം, പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഏതെങ്കിലും വിഭാഗങ്ങളിലെ ഒരു സമ്മതിദായകന് തപാൽ വഴി വോട്ട് ചെയ്യാവുന്നതും അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ 126-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയത്ത്, നേരിട്ട് വോട്ട് ചെയ്യാവുന്നതുമാണ്.

കുറിപ്പ്:—(2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ 2020 നവംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.".

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസും (2020-ലെ 63), 2020-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ഓർഡിനൻസും (2020-ലെ 77) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-C) Department

NOTIFICATION

No. 6827/Leg. C1/2020/Law. *Dated, Thiruvananthapuram, 10th February, 2021*
*28th Makaram, 1196*
*21st Makha, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Municipality (Amendment) Ordinance, 2021 (13 of 2021).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്” published under the authority of the Governor.]

# ORDINANCE No. 13 OF 2021

## THE KERALA MUNICIPALITY (AMENDMENT) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, the Kerala Municipality (Amendment) Ordinance, 2020 (31 of 2020) was promulgated by the Governor of Kerala on the 2nd day of May, 2020;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which convened on the 24th day of August, 2020;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Municipality (Amendment) Ordinance (63 of 2020) was promulgated by the Governor of Kerala on 26th day of September, 2020;

AND WHEREAS, the Kerala Municipality (Second Amendment) Ordinance, 2020 (70 of 2020) was promulgated by the Governor of Kerala on the 26th day of September, 2020;

AND WHEREAS, in order to keep alive the provisions of the said ordinance with certain amendments the Kerala Municipality (Third Amendment) Ordinance (77 of 2020) was promulgated by the Governor of Kerala on the 19th day of November, 2020;

AND WHEREAS, a Bill to replace the said Ordinances by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

its session which convened on the 31st day of December, 2020 and during its session which commenced on the 8th day of January, 2021 and ended on the 22nd day of January, 2021;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the Kerala Municipality (Amendment) Ordinance, 2020 (63 of 2020) and the Kerala Municipality (Third Amendment) Ordinance, 2020 (77 of 2020) will cease to operate on the 11th day of February, 2021;

AND WHEREAS, difficulties will arise if the provisions of the said Ordinances are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Municipality ( Amendment) Ordinance, 2021.

(2) Save as otherwise provided in this Ordinance, section 3 shall be deemed to have come into force on the 4th day of May, 2020 and sub-section (1) of section 4 and section 5 shall be deemed to have come into force on the 30th day of September, 2020 and sub-section (2) of section 4 shall be deemed to have come into force on the 19th day of November, 2020.

2. *Act 20 of 1994 to be temporarily amended*.—During the period of operation of this Ordinance, the Kerala Municipality Act, 1994 (20 of 1994) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 , 4 and 5.

3. *Amendment of section 6*.—In the principal Act, in sub-section (3) of section 6,—

(a) in clause (a),—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) in sub-clause (i), for the words "twenty six", the words "twenty five" shall be subtituted;

(ii) in sub-clause (ii), for the words "twenty six", the words "twenty five" and for the words "fifty three", the words " fifty two" shall be substituted;

(b) in clause (b),

(i) in sub-clause (i), for the words "fifty six", the words "fifty five" shall be substituted;

(ii) in sub-clause (ii), for the words "fifty six", the words "fifty five" and for the words "one hundred and one", the words "one hundred " shall be substituted.

4. *Amendment of section 126.*—In section 126 of the principal Act,—

(1) the existing provision shall be numbered as sub-section (1) thereof, and in the proviso to sub-section (1) as so numbered, for the figures, word and letters "7 a.m. and 5 p.m." the figures, word and letters "7 a.m. and 6 p.m." shall be substituted;

(2) after sub-section (1) as so numbered, and the proviso thereunder, the following sub-section shall be inserted, namely:—

"(2) The last one hour of the time fixed under sub-section (1) shall be used for voting by such classes of persons as specified under section 130 A.".

5. *Insertion of new section after section 130.*—In the principal Act, section 130A shall be renumbered as section 130B, and before section 130B as so renumbered, the following section shall be inserted, namely:—

"130 A. *Special provision for postal ballot to certain classes of persons.*—(1) Without prejudice to the generality of the provisions contained in section 130, the following classes of voters shall have the opportunity to give their vote by postal ballot in such manner, as may be prescribed, namely:—

(a) any person who is affected by epidemic disease;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) any person in quarantine;

*Explanation*.—For the purpose of this section,—

(i) "epidemic disease" means epidemic disease as defined under clause (a) of section 2 of the Kerala Epidemic Diseases Ordinance, 2020 (57 of 2020) and notified by the Government under section 3 of the said Ordinance from, time to time;

(ii) "person in quarantine" means a person who is in quarantine as per the guidelines issued by the Ministry of Health and Family Welfare, Government of India, from time to time, to prevent the spread of epidemic diseases.

(2) A voter as specified in any of the classes under sub-section (1) may give his vote by postal ballot or may give his vote directly at the polling station, in such manner as may be prescribed, at the time fixed under sub-section (2) of section 126.

*Note*:—The provisions in sub-section (2) shall be deemed to have come into force on the 19th day of November, 2020.".

6. *Repeal and saving.*—(1) The Kerala Municipality (Amendment) Ordinance, 2020 (63 of 2020), The Kerala Municipality (Third Amendment) Ordinance (77 of 2020) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinances shall be deemed to have been done or taken under the principal Act as amended by this Ordinance.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.10 11:36:57 +05:30